പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3494 — 19.10.2016-ൽ മറുപടിക്ക്.

# ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി | |
| (എ) | കണക്കിൽപ്പെട്ടിട്ടുള്ളവരും അല്ലാത്തവരുമായി എത്ര ഇതരസംസ്ഥാന ത്തൊഴിലാളികൾ കേരളത്തിൽ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദമായ കണക്കെടുപ്പ് തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല, എന്നാൽ കേരള സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ 2013-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏകദേശം 25ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതോടൊപ്പം കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പ ദ്ധതിയിൽ 53136 തൊഴിലാളികൾ രജിസ്റ്റർചെയ്തിട്ടുള്ളതായി കണക്കു ണ്ട് |
| (ബി) | ഇവർ ഇവിടെ എപ്രകാരം ജീവിതം നയിയ്ക്കുന്നുവെന്നും ഇവർ സംസ്ഥാന ജനതയ്ക്ക് എപ്രകാരം ഉപകാരപ്രദ മാകുന്നുവെന്നും ഇവരുടെ സാന്നിദ്ധ്യം അടിയന്തിര ശ്രദ്ധ നൽകേണ്ട ഒരു സാമൂഹ്യപ്രശ്നമാകുന്നുണ്ടോ എന്നതും സംബന്ധിച്ച് തൊഴിൽ വകുപ്പിന്റെ നിഗമനങ്ങൾ എന്തൊക്കെയാണ്; ഇക്കാര്യങ്ങൾ പരിശോധിച്ചിട്ടില്ലെങ്കിൽ അതിനുവേണ്ട എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ; | (ബി) | നിർമ്മാണ മേഖലയിലാണ് കൂടുതലായും ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നത്. ഇവരുടെ സാന്നിദ്ധ്യം ടി മേഖലയ്ക്ക് വളരെ സഹായകരമെന്നാണ് കാണാൻ സാധിക്കുന്നത്. ഇവർ ഉണ്ടാക്കുന്ന സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് വകുപ്പിന് ബോധ്യമുണ്ട്. എന്നാൽ ഇവ സമഗ്രമായി വിലയിരുത്തിവരുന്നതേയുള്ളൂ. ഇവർക്കു വേണ്ട പാർപ്പിട സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ ഉറപ്പാക്കൽ, തിരിച്ചറിയൽ കാർഡ് |

നൽകി രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുക എന്നിവ നടപടിക്രമങ്ങളുടെ വിവിധ ഘട്ടത്തിലാണ്.

(സി) ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് എല്ലാ തൊഴിൽ മേഖലകളിലും സാന്നിദ്ധ്യം ഉറപ്പിച്ച് പ്രവർത്തിക്കുമ്പോൾ അവരുടെ കൃത്യമായ കണക്ക് സൂക്ഷിയ്ക്കുക, ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പു വരുത്തുക, ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുക എന്നിവക്കായി തൊഴിൽ വകുപ്പും മറ്റു വകുപ്പുകളും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇവയ്ക്കായി എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുവാനുദ്ദേശിയ്ക്കുന്നു;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.പദ്ധതിപ്രാബല്യത്തി വരുന്നതോടുകൂടി ഇൻഷുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് അപകട മരണ ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ ലഭിക്കുന്നു.ഇതരസംസ്ഥാനതൊഴിലാളകളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് 17.12.15 ലെ ജി.ഒ (ആർ.ടി) 1717/15/തൊഴിൽ നം. ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു.

| | |
|---|---|
| (ഡി) ഇവരിൽ മാനഭംഗം, കൊലപാതകം, ലഹരി കടത്ത്, മോഷണം തുടങ്ങി കുറ്റകൃത്യങ്ങളിൽ പങ്കാളികളായവരുടെ കണക്ക് തൊഴിൽ വകുപ്പിന്റെ പക്കലോ മറ്റു വകുപ്പുകളുടെ പക്കലോ ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) കുറ്റകൃത്യങ്ങളിൽ പങ്കാളികളായവരുടെ കണക്ക് തൊഴിൽ വകുപ്പിന്റെ പക്കലില്ല.ആഭ്യന്തര വകുപ്പിന്റെ കണക്ക് പ്രകാരം 18.05.2011 മുതൽ 24.05.15 വരെ ഇതരസംസ്ഥാന തൊഴിലാളികൾ പ്രതികളായി 1839 ക്രിമിനൽ കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ